LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) നിലമ്പൂർ, തിരൂർങ്ങാടി എന്നീ താലൂക്കുകൾക്കായി വണ്ടൂർ, വേങ്ങര എന്നീ സ്ഥലങ്ങൾ കേന്ദ്രമായി പുതിയ ഓരോ താലൂക്ക് വ്യവസായ ഓഫീസുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പുതുതായി അനുവദിച്ചിട്ടുള്ള ശേഷിച്ച താലൂക്കുകളിൽ വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്.

മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖല

168 (8004) ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. സി. കെ. സദാശിവൻ :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ബി) മൾട്ടിലെവൽ മാർക്കറ്റിംഗിലൂടെ വിറ്റഴിക്കപ്പെടുന്ന സാധനങ്ങൾക്ക് വില്പനക്കാർ വാഗ്ദാനം ചെയ്യുന്ന ഗുണങ്ങൾ ഉണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ ; വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ വില്പന സാധനങ്ങൾ വാങ്ങുന്ന ജനങ്ങൾ കബളിക്കപ്പെടുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മൾട്ടിലെവൽ മാർക്കറ്റിംഗ് വഴി വില്പന നടത്തുന്നതിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതികൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധി ച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) ഉണ്ട്. മൾട്ടിലെവൽ മാർക്കറ്റിംഗ് വഴി സാധനങ്ങൾ വാങ്ങുന്ന ജനങ്ങൾ പലവിധത്തിൽ വഞ്ചിതരാകപ്പെടുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പൊതുജനങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനായി മൾട്ടിലെവൽ മാർക്കറ്റിംഗ് നിയന്ത്രിക്കുന്നതിലേക്ക് നിയമ നിർമ്മാണം നടത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിക്കുകയും ടി സമിതി ഒരു കരട് ബിൽ തയ്യാറാക്കുകയും ആയത് ഇപ്പോൾ നിയമ വകുപ്പ് പരിശോധിച്ചുവരികയുമാണ്.

ഉപഭോക്തൃതാൽപര്യം സംരക്ഷിക്കു ന്നതിനായുള്ള സംവിധാനങ്ങൾ കരട് ബില്ലിൽ വിഭാവനം ചെയ്യുന്നുണ്ട്. കൂടാതെ ഉപഭോക്താക്കൾ പരാതിപ്പെടുകയാണെങ്കിൽ വിറ്റഴിക്കപ്പെടുന്ന സാധനങ്ങൾക്ക് ഗുണനിലവാരമുണ്ടോ എന്ന് പരിശോധിക്കുന്ന നിലവിലുള്ള പൊതുസംവിധാനം മൾട്ടിലെവൽ മാർക്കറ്റിംഗിന്റെ കാര്യത്തിലും ബാധകമാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്

169 (8005) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ്ജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വ്യവസായ ഉച്ചകോടിയിൽ വന്ന പദ്ധതികൾക്ക് വിവിധ വകുപ്പുകളുടെ അനുമതി ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഒരുക്കിയിരി ക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരള സർക്കാരിന്റെ 24-9-2012-ലെ സ.ഉ. (സാധാ) നമ്പർ 1412/2012/വ്യവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ഈ ബോർഡിന്റെ അദ്ധ്യക്ഷനും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഈ ബോർഡിന്റെ കൺവീനറുമാണ്. കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമാണ്.

LIBRARY ARCHIVES Kerala Legislative Assembly